II ഇ.ബി.XIV-കേരള നിയമസഭ/V-13

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 15, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

44(* 391 ) സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും അനുമതി ലഭിച്ച പദ്ധതികൾ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, ഈ സർക്കാരിന്റെ കാലത്ത് സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട 29 പ്രോജക്ടുകൾക്കായി 397 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ യാതൊരുവിധ പുരോഗമന പ്രവൃത്തികൾക്കും വിധേയമാകാത്ത, 10 കിലോ മീറ്ററിൽ കുറയാത്ത മേജർ ജില്ലാ റോഡുകൾ, സംസ്ഥാന-അന്തർ സംസ്ഥാന പാതകൾ, ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, റെയിൽവേ ഓവർ ബ്രിഡ്ജ്, അണ്ടർ ബ്രിഡ്ജ് തുടങ്ങിയവയുടെ

നിർമ്മാണം, റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയ്ക്കായി 50 കോടി രൂപയുടെ പ്രോജക്ടുകൾ വരെ പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ടെന്നും സഭയെ അറിയിച്ചു. റോഡുകളിലെ അനധികൃത കയ്യേറ്റങ്ങളും പാതയോര വ്യാപാരങ്ങളും തടയുന്നതിന് നിലവിലെ നിയമം കർശനമാക്കുന്നതാണെന്നും നിർമ്മാണം പൂർത്തിയാകാത്തതും കരാർ ഉറപ്പിക്കാത്തതുമായ സി.ആർ.എഫ്. വർക്കുകൾ റിവ്യൂ ചെയ്യുമെന്നും കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കുന്ന പ്രയോറിറ്റി ലിസ്റ്റിന് അംഗീകാരം നൽകുന്നതിൽ കേന്ദ്ര ഉപരിതല മന്ത്രാലയം കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും 2017-18 സാമ്പത്തിക വർഷം വയനാട്, പത്തനംതിട്ട, ഇടുക്കി ജില്ലകളിലെ റോഡുകളുടെ നവീകരണത്തിന് മുൻഗണന നൽകുമെന്നും റോഡുകളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും ഉൾപ്പെടത്തക്കവിധത്തിൽ സെൻട്രൽ റോഡ് ഫണ്ട് ആക്ട് ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45(* 392) <u>വാഹനപ്പെരുപ്പം നേരിടാൻ റോഡ് വിപുലീകരണവും ബൈപ്പാസ് നിർമ്മാണവും</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ,

സംസ്ഥാനത്തെ നാഷണൽ - സ്റ്റേറ്റ് ഹൈവേകളും പ്രധാന റോഡുകളും സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനുമായി സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും എൻ.എച്ച്-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എൻ.എച്ച്. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയും സ്റ്റേറ്റ് ഹൈവേയുടെയും ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി നിരത്തുകളും പാലങ്ങളും വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയും നിയമിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് റോഡുകൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഗതാഗതത്തിരക്ക് നിയന്ത്രിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ബൈപ്പാസുകളും ഫ്ലൈ ഓവറുകളും നിർമ്മിക്കുന്നുണ്ടെന്നും നിലവിലെ റോഡുകളുടെ നവീകരണത്തിനായി എൻ.ആർ.എം.ബി. ഉപയോഗിക്കുന്നതിന് സാങ്കേതികാനുമതി നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ചുമതലയിൽ എൻ.എച്ച്.17, എൻ.എച്ച്. 47 എന്നിവ സർവ്വീസ് റോഡോടുകൂടി നാലുവരിപ്പാതയായും മറ്റെല്ലാ ദേശീയപാതകളും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിൽ പേവ്ഡ് ഷോൾഡറോഡു കൂടിയ രണ്ടുവരിപ്പാതയായി

വികസിപ്പിക്കാനും കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടെന്നും തൃശ്ശൂർ, എറണാകുളം ജില്ലകളിലെ റോഡുകൾ നാലുവരിപ്പാതയാക്കുകയും കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ഭാഗങ്ങളിൽ സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. എം.ഡി.ആർ.-ആയി അപ്ഗ്രേഡ് ചെയ്ത റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ വിംഗും എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി റീജിയണൽ ഡിസൈൻ വിംഗും രൂപീകരിച്ചിട്ടുണ്ടെന്നും റോഡുകളുടെ മെയിന്റനൻസ് വർക്കുകളുടെ തത്സമയ പരിശോധനയ്ക്കും തുടർ നടപടികൾക്കുമായി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നിയോജകമണ്ഡലങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയോഗിച്ചിട്ടുണ്ട്. പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ റോഡുകൾ നവീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും മണ്ണുത്തി മുതൽ ആലുവ വരെയുള്ള പ്രദേശങ്ങളിലെ റോഡിന്റെ റീ ടാറിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും 2018-ഓടുകൂടി കൊല്ലം-ആലപ്പുഴ ബൈപ്പാസ് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും നിർമ്മാണ പ്രവൃത്തികൾക്കാവശ്യമുള്ള പ്രൊഫഷണലുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

46 (* 393) <u>പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, 2017-18 അദ്ധ്യയന വർഷത്തെ മുഴുവൻ പാഠപുസ്തകങ്ങളും മൂന്ന് വാല്യങ്ങളായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയെ (കെ.ബി.പി.എസ്.) ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും 76% പുസ്തകങ്ങളും സ്കൂൾ സൊസൈറ്റികളിൽ എത്തിച്ചിട്ടുണ്ടെന്നും പാഠപുസ്തക വിതരണത്തിനുള്ള നടപടികൾ ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും ആയത് അവലോകനം ചെയ്യുന്നതിന് ജില്ലാ-സംസ്ഥാനതല ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 8,9,10 ക്ലാസ്സുകളിലെ 98 ശതമാനം പുസ്തകങ്ങളും സ്കൂളുകളിൽ എത്തിച്ചുകഴിഞ്ഞുവെന്നും ഈ മാസം 20-ാം തീയതിയോടുകൂടി പാഠപുസ്തക വിതരണം പൂർത്തിയാക്കുമെന്നും റെക്കഗ്നൈസ്ഡ് അൺ-എയ്ഡഡ് സ്കൂളുകളിലേയ്ക്കുള്ള പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'സി-ആപ്റ്റ്' മുഖേന പ്ലസ് ടു പാഠപുസ്തകങ്ങളുടെ വിതരണം പൂർത്തിയായിവരുന്നുണ്ടെന്നും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം മേയ് മാസം അവസാനത്തോടുകൂടി പൂർത്തിയാക്കുന്നതാണെന്നും മലയാള ഭാഷാ ബിൽ പാസ്സാക്കുന്നതോടെ സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ്-അൺ എയ്ഡഡ്

മേഖലകളിലെ വിദ്യാലയങ്ങളിൽ മലയാളഭാഷാപഠനം നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് 8 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടെന്നും ആനുകാലിക മാറ്റങ്ങൾക്കനുസൃതമായി പാഠ്യപദ്ധതിയിലും പാഠപുസ്തകത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കരിക്കുലം കമ്മിറ്റിയെ സജ്ജമാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനും നടപടികൾ ആരംഭിച്ചുകഴിഞ്ഞുവെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

47 (* 394) <u>സ്കൂൾ പരീക്ഷാ സമ്പ്രദായം ആധുനികവത്കരിക്കുവാൻ നടപടി</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിശദമായ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ വിദഗ്ദ്ധരായ അദ്ധ്യാപകരെ ഉൾപ്പെടുത്തി പൊതു പരീക്ഷകൾക്കായി ചോദ്യബാങ്കുകൾ രൂപപ്പെടുത്തുന്നതാണെന്നും അവയുടെ സഹായത്തോടെ ചോദ്യപേപ്പർ തയ്യാറാക്കി പരീക്ഷാ നിലവാരം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും സഭയെ അറിയിച്ചു. ഈ

അദ്ധ്യയന വർഷത്തെ പ്ലസ് വൺ ക്ലാസ്സുകൾ ജൂൺ 14-ാം തീയതി മുതൽ ആരംഭിക്കുമെന്നും സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. റിസൽട്ട് വരുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഒന്നു മുതൽ പ്ലസ് ടു വരെ ക്ലാസ്സുകളിലുള്ള എല്ലാ പരീക്ഷകളും വിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തുമെന്നും എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3608 മുതൽ 3923 വരെയുള്ള ചോദ്യങ്ങളിൽ 156 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)